പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5345

2.7.2013 ൽ മറുപടിയ്ക്ക്

## 2012-13 സാമ്പത്തികവർഷം സംസ്ഥാനത്തിന്റെ ഐ.ടി. കയറ്റുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| എ) 2012-13 സാമ്പത്തികവർഷം ഐ.ടി. കയറ്റുമതി എത്ര കോടി രൂപയായിരുന്നു; ആയത് 2011-12-ൽ എത്രയായിരുന്നു ; വിശദമായി താരതമ്യം ചെയ്യുമോ ; | എ) 2011-12, 2012-13 വർഷങ്ങളിലെ ഐ.ടി. കയറ്റുമതി സംബന്ധിച്ച് ടെക്നോപാർക്ക്, ഇൻഫോപാർക്ക്, STPI എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ വിവരം ചുവടെ കൊടുക്കുന്നു. |

| | 2011-12 (Rs. In Crore) | 2012-13 (Rs. In crore) |
|---|---|---|
| Technopark | 2170.63 | 3493.00 |
| Infopark | 1100.00 | 1500.00 |

| | |
|---|---|
| ബി) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ നേരിട്ട് തൊഴിൽ ലഭിച്ചവരുടെ എണ്ണം എത്ര ; ആയത് ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ ; | ബി) ടെക്നോപാർക്കിലെ വിവിധ കമ്പനികളിലായി ഏകദേശം 40521 പേർക്കും ഇൻഫോപാർക്കിലെ വിവിധ കമ്പനികളിലായി 18500 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്. |
| സി) ഐ.ടി. മേഖലയെ പരിപോഷിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു ; പുതിയ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വ്യക്തമാക്കുമോ? | സി) ഐ.ടി. മേഖലയെ പരിപോഷിപ്പിക്കാൻ ഈ സർക്കാർ അധികാരമേറ്റ ശേഷം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |

1. ടെക്നോപാർക്കിന്റെ നാലാംഘട്ട വികസന പദ്ധതിയായി തിരുവനന്തപുരം പള്ളിപ്പുറത്ത് ആരംഭിക്കുന്ന ടെക്നോസിറ്റിയുടെ പ്രവർത്തനം പുരോഗമിക്കുന്നു. ടെക്നോസിറ്റിക്കായി അക്വയർ ചെയ്ത 451 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടി ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. ഇതിൽ ഏകദേശം 57.69 ഹെക്ടർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖലാ

പദവി (SEZ) Formal Approval ലഭിച്ചിട്ടുണ്ട്. ഇവിടെ ഇൻഫോസിസിന്റെ തിരുവനന്തപുരത്തെ രണ്ടാമത്തെ കാമ്പസ് തുടങ്ങുന്നതിനായി ഏകദേശം 50 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.

2. തിരുവനന്തപുരത്ത് ഒരു Knowledge City ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

3. മലപ്പുറം ജില്ലയിൽ അരീക്കോട് ഒരു ഐ.ടി. പാർക്ക് ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ വള്ളിച്ചിറ വില്ലേജിൽ ഇൻഫോസിറ്റി പാലാ എന്ന പേരിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

5. കോട്ടയം ജില്ലയിൽ പാലായിൽ മീനച്ചിൽ താലൂക്കിൽ വള്ളിച്ചിറ വില്ലേജിൽ IIIT-Kerala എന്ന പേരിൽ ഒരു അക്കാഡമി സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

6. ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനം വേഗത്തിലാക്കിയതോടൊപ്പം ഇൻഫോ-പാർക്കിന്റെ കൊരട്ടി കാമ്പസിൽ മൂന്നര ലക്ഷം ചതുരശ്ര അടിയിൽ ബഹുനില ഐ.ടി. മന്ദിര നിർമ്മാണത്തിന് തുടക്കം കുറിച്ചു.

7. യുവാക്കളെയും വിദ്യാർത്ഥികളേയും ഐ.ടി. വ്യവസായ സംരംഭകരാക്കുന്നതിന്, സ്റ്റാർട്ട് അപ്പ് വില്ലേജ് എന്ന പേരിൽ കളമശ്ശേരിയിൽ ഒരു ടെലികോം ഇൻക്യുബേറ്റർ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ അരംഭിച്ചു. അതോടൊപ്പം NRI നിക്ഷേപകർക്ക് ഐ.ടി. യിൽ അവസരം ഒരുക്കുന്നതിന് NRI TBI എന്ന പേരിൽ ഇൻഫോപാർക്കിൽ Incubator ആരംഭിച്ചിട്ടുണ്ട്.

8. ടെലികോം മേഖലയിൽ നൂതന ആശയങ്ങളുള്ള വിദ്യാർത്ഥികളെ സ്വയം സംരംഭകരാക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റാർട്ട് അപ്പ് വില്ലേജുകൾ ആവിഷ്കരിച്ചു. ഇതുവരെ 750 ഓളം സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ 10 ഓളം കമ്പനികൾ പ്രവർത്തിക്കുന്നു.

9. സ്റ്റുഡന്റ് ഇന്റർപ്രണർഷിപ്പ് പോളിസി പ്രകാരം നൂതന സംരംഭം തുടങ്ങുന്ന വിദ്യാർത്ഥികളെ സഹായിക്കാൻ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ സ്റ്റാർട്ട് അപ്പ്

ഇൻക്യുബേറ്ററുകൾ ആരംഭിക്കുവാനും, കൊച്ചിയിൽ ഇന്നോവേഷൻ സോൺ തുടങ്ങുവാനും ടെക്നോപാർക്ക് ടി.ബി.ഐ. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

10 വിപുലമായ മാർക്കറ്റിംഗ് പദ്ധതികളിലൂടെ ഐ.ടി. രംഗത്ത് കൂടുതൽ നിക്ഷേപ സാധ്യതകൾ ലക്ഷ്യമാക്കി സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെയും അവിടെ പ്രവർത്തിക്കുന്ന മറ്റ് ഐ.ടി. സംരംഭങ്ങളുടേയും വികസനത്തിനായും വിപണത്തിനുമായി അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നുണ്ട്. TiE, CII, Nasscom പോലുള്ള ദേശീയ Software Association നുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവും നടത്തിവരുന്നു.

11 കൊച്ചി സ്മാർട്ട്സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ